Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 24.08.2016

# ദലിത് ക്രൈസ്തവർ ഭരണഘടനാഭേദഗതിക്കും കോടതിമുഖേനയുള്ള നിയമനിർമാണത്തിനും പരിശ്രമിക്കണം: ജസ്റ്റിസ് ബി കമാൽ പാഷ

കൊച്ചി: ഇന്ത്യയിൽ ജീവിക്കുന്ന ഏതൊരു പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുമ്പോൾ ഭാരതത്തിലെ ദലിത് ക്രൈസ്തവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അനീതിയാണ്. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർക്കുള്ള അതേ അനുകൂല്യങ്ങൾക്കായുള്ള ദലിത് ക്രൈസ്തവരുടെ ആവശ്യം ഒരു നിയമപരമായ പ്രതിസന്ധിയെ നേരിടുന്നു. ഇന്ന് ദലിത് ക്രൈസ്തവർ നേരിടുന്ന ഈ അവഗണനയെ ഭാരതസർക്കാർ ഗൗരവമായിക്കണ്ട് ദലിത് ക്രൈസ്തവ സംവരണ വിഷയത്തിന് ഒരു പരിഹാരം കണ്ടെത്തണം. അല്ലാത്തപക്ഷം ദലിതർക്ക് അന്തസ്സോടെ ജീവിക്കുവാനുള്ള അവകാശം നിഷേധിക്കുകയാണ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ശ്രീ ജസ്റ്റിസ് ബി കമാൽ പാഷ പറഞ്ഞു. ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) സംസ്ഥാന സമിതിയുടെ സമ്മേളനം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നീതിന്യായകോടതിയുടെ ഇടപെടലിനും നിയമനിർമാണത്തിനുമായി രാഷ്ട്രീയ സംവിധാനങ്ങളോടുള്ള പോരാട്ടം, മ്ലേച്ഛമായ ജാതിവ്യവസ്ഥിതിക്കെതിരെയും അടിസ്ഥാനമൂല്യങ്ങൾക്കുവേണ്ടിയുമുള്ള പോരാട്ടം സഭയ്ക്കകത്തുതന്നെയുള്ള വിവേചനത്തിനെതിരെയുള്ള പോരാട്ടം എന്നിങ്ങനെയുള്ള ത്രിവിധ പ്രതിസന്ധികൾ ദലിത് സമൂഹത്തിന് മുമ്പിലുണ്ടെന്ന് അനുഗ്രഹപ്രഭാഷണത്തിൽ കെസിബിസി എസ്‌സി/എസ്റ്റി/ബിസി കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് ഓർമ്മപ്പെടുത്തി.

ശ്രീ. എ. അംബി കുളത്തൂർ (ഡി.സി.എം.എസ്. സംസ്ഥാനപ്രസിഡന്റ്), റവ. ഫാ. വർഗീസ് വള്ളിക്കാട്ട് (ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി), വ. ഫാ. സഹായരാജ് (CBCI SC/ST/BC കമ്മിഷൻ സെക്രട്ടറി), ശ്രീ. പി. രാമഭദ്രൻ (കേരള ദളിത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്), ശ്രീ. സ്കറിയ ആന്റണി (ഡി.സി.എം.എസ്. വൈസ് പ്രസിഡന്റ്), ശ്രീ. ജോണി ജോസഫ് പരമല (ഡി.സി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി), ശ്രീ. സിജോ അമ്പാട്ട് (ഐ.സി.വൈ.എം. നാഷണൽ പ്രസിഡന്റ്), ശ്രീ. ജോർജ് എസ്. പള്ളിത്തറ (ട്രഷറർ, ഡി.സി.എം.എസ്), ശ്രീ. വിൻസന്റ് ആന്റണി (ഡി.സി.എം.എസ് ഓർഗനൈസർ), എന്നിവർ പ്രസംഗിച്ചു.

**ഫാ. ഷാജ്കുമാർ**
സെക്രട്ടറി, എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷൻ

ഫോട്ടോ മാറ്റർ: ദലിത് കത്തോലിക്കാ മഹാജനസഭസംസ്ഥാന സമിതിയുടെ സമ്മേളനം ശ്രീ ജസ്റ്റിസ് ബി കമാൽ പാഷ പിഒസിയിൽ ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. പി. രാമഭദ്രൻ, ഫാ. ഷാജ്കുമാർ, ശ്രീ. എ. അംബി കുളത്തൂർ, ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, ശ്രീ. ജോർജ് എസ്. പള്ളിത്തറ, ഫാ. വർഗീസ് വള്ളിക്കാട്ട്, ശ്രീ. ജോണി ജോസഫ് പരമല എന്നിവർ സമീപം